(ഇ) സ്വതന്ത്രന്മാർക്കും സംസ്ഥാനത്തെ രജിസ്റ്റേർഡ് പാർട്ടി സ്ഥാനാർത്ഥികൾക്കുംകൂടി കിട്ടിയ വോട്ടുകൾ താഴെപ്പറയുന്ന പ്രകാരമാണ് :

ജില്ലാ പഞ്ചായത്തുകൾ	-	53824
ബ്ലോക്ക് പഞ്ചായത്തുകൾ	-	70617
ഗ്രാമ പഞ്ചായത്തുകൾ	-	169935

46(55) തെരഞ്ഞെടുപ്പ് മാറ്റിവച്ച നടപടി

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000 സെപ്തംബർ മാസത്തിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ അക്രമം നടന്നതിന്റെ ഫലമായി എവിടെയെല്ലാം തെരഞ്ഞെടുപ്പ് മാറ്റിവയ്ക്കുകയോ റദ്ദ് ചെയ്യുകയോ ഉണ്ടായി;

(ബി) ഇപ്രകാരം മാറ്റിവച്ചിട്ടുള്ളിടങ്ങളിൽ വീണ്ടും നടത്തിയ തെരഞ്ഞെടുപ്പിൽ എവിടെയെല്ലാം ഏതെല്ലാം കക്ഷികളുടെ സ്ഥാനാർത്ഥികൾ വിജയിച്ചു;

(സി) ഈ സ്ഥലങ്ങളിൽ ഏതു കക്ഷിയിൽപ്പെട്ടവർ നടത്തിയ അക്രമംമൂലമാണ് വോട്ടെടുപ്പ് മാറ്റിവയ്ക്കുകയോ റദ്ദുചെയ്യുകയോ ചെയ്യേണ്ടതായി വന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അക്രമം കാരണം തെരഞ്ഞെടുപ്പ് നടപടികൾ മാറ്റിവയ്ക്കേണ്ടിവന്ന പോളിംഗ് സ്റ്റേഷനുകളുടെ ലിസ്റ്റ് അനുബന്ധം ഒന്നായി ചേർത്തിട്ടുണ്ട്.*

(ബി) ജയിച്ച ആളുകളുടെ പേരും കക്ഷിബന്ധവും അനുബന്ധം രണ്ടായി ചേർത്തിട്ടുണ്ട്.*

(സി) അക്രമം നടത്തിയവരുടെ കക്ഷിബന്ധം സംബന്ധിച്ച വിവരം ലഭ്യമല്ല.

56 മുതൽ 64 വരെയുള്ള ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല

47(65) ദ്രുതകർമ്മസേനയുടെ ദക്ഷിണമേഖലാ ആസ്ഥാനം

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാഷ്ട്രീയ കലാപങ്ങളും വർഗ്ഗീയ ലഹളകളും നേരിടുന്നതിനുള്ള ദ്രുത കർമ്മസേനയുടെ ദക്ഷിണമേഖലാ ആസ്ഥാനം കേരളത്തിൽ നിന്നും തമിഴ്നാട്ടിലെ കോയമ്പത്തൂരിലേക്ക് മാറ്റാൻ നീക്കമുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 1991-ൽ കേന്ദ്ര സർക്കാർ രൂപം നൽകി 1992-ൽ കേരളം ആസ്ഥാനമാക്കി കേന്ദ്രം അനുവദിച്ച സി.ആർ.പി.എഫിന്റെ 105-ാം ബറ്റാ

---

* അനുബന്ധം XVIII(a,b)

LIBRARY ARCHIVES Kerala Legislative Assembly

ലിയന് തിരുവനന്തപുരത്ത് 50 ഏക്കർ സ്ഥലം ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ഇത്രയും സ്ഥലം ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ലഭ്യമാക്കാത്തതെന്തുകൊണ്ടാണ്; വിവരം വെളിപ്പെടുത്തുമോ;

(ഡി) ദ്രുതകർമ്മസേനയുടെ ദക്ഷിണമേഖലാ ആസ്ഥാനം കേരളത്തിൽ തിരുവനന്തപുരത്തുതന്നെ നിലനിർത്തുന്നതിനുള്ള അടിയന്തിരനടപടി സർക്കാർ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി,സി,ഡി) സി.ആർ.പി.എഫ്. അധികാരികൾ തിരുവനന്തപുരത്തോ എറണാകുളത്തോ 50 ഏക്കർ സ്ഥലം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ തിരുവനന്തപുരം/എറണാകുളം ജില്ലാ കലക്ടറുമായി ബന്ധപ്പെട്ടെങ്കിലും ഇതുവരെയും സ്ഥലം ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല. കേരളത്തിനനുവദിച്ച റാപ്പിട് ആക്ഷൻ ഫോഴ്സ് ബറ്റാലിയനും, റിക്രൂട്ട്സ് ട്രെയിനിംഗ് സെന്ററും സ്ഥാപിക്കുന്നതിനുവേണ്ടി കണ്ണൂർ ജില്ലയിലെ പെരിങ്ങാം വില്ലേജിൽപ്പെട്ട 111.6640 ഹെക്ടർ സ്ഥലം സൗജന്യമായി വിട്ടുകൊടുക്കാൻ സംസ്ഥാന സർക്കാർ തയ്യാറാണെന്ന് കേന്ദ്ര സർക്കാരിനെ അറിയിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത സ്ഥലം ആർ.എ.എഫ്. ബറ്റാലിയൻ സ്ഥാപിക്കുന്നതിന് അനുയോജ്യമല്ലെന്നും. ആർ.റ്റി.സി.യും ഫയറിംഗ്റേഞ്ചും സ്ഥാപിക്കാവുന്നതാണെന്നും കേന്ദ്ര സർക്കാർ അറിയിച്ചു. ഇക്കാര്യം വിശദമായി പരിശോധിച്ച ശേഷം പ്രസ്തുത സ്ഥലം മുഴുവൻ ആർ.റ്റി.സി.യും ഫയറിംഗ് റേഞ്ചും സ്ഥാപിക്കുന്നതിനായി സി.ആർ.പി. എഫിന് സൗജന്യമായി കൈമാറ്റം ചെയ്യാൻ അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് 21-6-2000-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. അപ്രകാരം ആർ.റ്റി.സി. പെരിങ്ങോമിലേക്ക് മാറ്റുമ്പോൾ പള്ളിപ്പുറത്ത് ആർ.എ.എഫ് ബറ്റാലിയന് ആവശ്യമായ സ്ഥലം ലഭ്യമാകില്ലേ എന്ന വിവരം സി.ആർ.പി.എഫ്. കമാന്റിനോട് ആരാഞ്ഞിട്ടുണ്ട്. കൂടാതെ ആർ.എ.എഫ്. ബറ്റാലിയൻ തിരുവനന്തപുരത്ത് തന്നെ നിലനിറുത്തണമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുമുണ്ട്.

48(66) ഡി.ജി.പി.യുടെ അവധി

പ്രൊഫസർ സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000 ജൂലൈ മാസത്തിൽ ഡി.ജി.പി. അവധിയിൽ പോകുകയുണ്ടായോ;

(ബി) എങ്കിൽ അതിനുള്ള കാരണമെന്ത്;

(സി) പോലീസ് രഹസ്യാന്വേഷണ വിഭാഗം ഡി.ഐ.ജി-യായിരുന്ന സെൻ കുമാറിനെ തൽസ്ഥാനത്ത് നിന്നും മാറ്റുകയുണ്ടായോ;

(ഡി) എങ്കിൽ അതിനുള്ള കാരണമെന്തെന്നു വിശദീകരിക്കുമോ?

ഉത്തരം

(എ) അവധിയിൽ പോകുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly